LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാനടപടികൾ

ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂൺ 27, വെള്ളി

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 1986 ജൂൺ 27-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മിനിമം വേജസ്

*82 [84] ശ്രീ. രാഘവൻ പൊഴക്കടവിൽ:

,, ഒ. ഭരതൻ:

,, തോപ്പിൽ രവി:

,, കെ. രാഘവൻ മാസ്റ്റർ:

,, സീദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുകൊല്ലം പൂർത്തിയായിട്ടും മിനിമം വേജസ് പുതുക്കി നിശ്ചയിക്കാത്ത വ്യവസ്ഥായ മേഖലകൾ ഏതൊക്കെ ആണെന്ന് വ്യക്തമാക്കുമോ;

(ബി) കാലാവധി കഴിഞ്ഞിട്ടും മിനിമം വേതനം പുതുക്കുന്നതിന് നടപടി സ്വീകരിക്കാത്തതെന്താണ്;

(സി) അത്തരം മേഖലകളിൽ മിനിമം കൂലി പുതുക്കി നിശ്ചയിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) മിനിമം വേജസ് റിവിഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിച്ചിട്ടും നടപ്പിലാക്കപ്പെടാത്ത വ്യവസായ മേഖലകളുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 13 വ്യവസായങ്ങളാണ്. തുകൽ വ്യവസായം, കയർ വ്യവസായം, കശുവണ്ടി വ്യവസായം, ടൈൽ വ്യവസായം, കളിമൺപാത്ര വ്യവസായം, തീപ്പെട്ടി വ്യവസായം, ഷോപ്പ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെൻറ് (ഹോട്ടലുകളും റസ്റ്റോറൻറുകളും ഉൾപ്പെടെ) ടിമ്പർ ആൻറ് പ്ലൈവുഡ് വ്യവസായം, ഫോറസ്റ്റ് തൊഴിൽ, ഹിൽ പ്രൊഡ്യൂസ് വ്യവസായം, ആയുർവ്വേദ—അലോപ്പതി മരുന്നു നിർമ്മാണശാലകളിലെ തൊഴിൽ, കമുകുകയറ തൊഴിലാളികളും ഡയറി ഫാം തൊഴിലാളികളും, സഹകാരി ആശുപത്രികളിലെ ജീവനക്കാർ. കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കേണ്ട വ്യവസായങ്ങളിൽ അതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കാലാവധി കഴിഞ്ഞിട്ടും മിനിമം വേജസ് പുതുക്കി നിശ്ചയിക്കാത്തതിന് നടപടി സ്വീകരിച്ചുവരികയാണ്.

(സി) അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഉണ്ട്.

(ഇ) മിനിമം വേജസ് റിപ്പോർട്ട് കമ്മിറ്റിയുടെ ശുപാർശകളിൻമേൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിലേയ്ക്കായി നടപടി എടുത്തു വരുന്നു.

ശ്രീ. രാഘവൻ പൊഴക്കടവിൽ: കയർ തൊഴിലാളികളുടെ മിനിമം വേജസിനെക്കുറിച്ച് തീരുമാനിക്കുന്ന റിപ്പോർട്ട് ഗവൺമെൻറിന് സമർപ്പിച്ചിട്ട് എന്തുകൊണ്ടാണ് അത് പ്രഖ്യാപിക്കുവാൻ കാലതാമസം ഉണ്ടാകുന്നത്?

ശ്രീ. കെ. ശിവദാസൻ: നോട്ടിഫിക്കേഷനു പോകുന്നതിനുവേണ്ടി മിനിമം വേജസ് അഡ്വൈസറി ബോർഡിൻറെ റിപ്പോർട്ടിൻമേൽ കമ്മീഷണറുടെ ശുപാർശയ്ക്കായി അത് അയച്ചിരിക്കുകയാണ്. കമ്മീഷണറുടെ ശുപാർശ ഉടൻ വാങ്ങി അത് നോട്ടിഫൈ ചെയ്യുന്നതാണ്.

ശ്രീ. രാഘവൻ പൊഴക്കടവിൽ: മിനിമം വേജസ് പ്രഖ്യാപിക്കാനുള്ള പുതിയ ഏതെങ്കിലും വ്യവസായ യൂണിറ്റുകളുടെ നിവേദനം ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ; ഐസ് ഫാക്ടറിത്തൊഴിലാളികളുടെ മിനിമം കൂലിയെ സംബന്ധിച്ച് ഇപ്പോഴത്തെ നിലപാട് എന്താണ്?

ശ്രീ. കെ. ശിവദാസൻ: ഐസ് ഫാക്ടറിയിലെ തൊഴിലാളികൾക്ക് മിനിമം വേജസ് ഏർപ്പെടുത്തണമെന്നുള്ള അഭ്യർത്ഥനയെ തുടർന്ന് ഒരു കമ്മിറ്റി രൂപീകരിക്കുകയും അതിൻറെ റിപ്പോർട്ട് ലഭിക്കുകയും ചെയ്തു. അതു മിനിമം വേജസ് നോട്ടിഫിക്കേഷനുവേണ്ടി അയച്ചിരിക്കുകയാണ്.

ശ്രീ. ഒ. ഭരതൻ: ഇൻഡ്യാ ഗവൺമെൻറ് പാസ്സാക്കിയിട്ടുള്ള മിനിമം വേജസ് ആക്ടിൽ അഞ്ചു കൊല്ലത്തിലൊരിക്കലെങ്കിലും മിനിമം വേജസ് പുതുക്കി നിശ്ചയിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. നമ്മുടെ രാജ്യം വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യമായതുകൊണ്ട് പുതിയ പുതിയ ജീവിതാവശ്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. നിത്യോപയോഗ സാധനങ്ങളുടെ വില ദിവസംതോറും വർദ്ധിച്ചുകൊണ്ടിരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ഈ വസ്തുതകൾ കണക്കിലെടുത്തുകൊണ്ടാണ് അഞ്ചു കൊല്ലത്തിലൊരിക്കൽ മിനിമം വേജസ് പുതുക്കി നിശ്ചയിക്കണമെന്ന് പറയുന്നത്. സെൻട്രൽ ഗവൺമെൻറിന്റെ നിയമനിർമ്മാണം തന്നെ പരസ്യമായി ലംഘിക്കുന്ന രീതിയിലുള്ള നടപടികളല്ലേ ഈ ഗവൺമെൻറ് എടുക്കുന്നത്? അതുകൊണ്ടല്ലേ അഞ്ചുകൊല്ലം കഴിഞ്ഞിട്ടും മിനിമം കൂലി പുതുക്കി നിശ്ചയിക്കാത്തത്?

ശ്രീ. കെ. ശിവദാസൻ: അതിൽ മന:പൂർവ്വം ഡിലേ വന്നിട്ടില്ല. കമ്മിറ്റിയെ വെച്ചു, കമ്മിറ്റിയുടെ റിപ്പോർട്ട് വന്നു, നിയമപ്രകാരം അത് മിനിമം വേജസ് അഡ്വൈസറി ബോർഡിനു പോയി. അഡ്വൈസറി ബോർഡിൽനിന്ന് വന്നു. നോട്ടിഫിക്കേഷൻ തയ്യാറാക്കാൻ അത് ലേബർ കമ്മീഷണർക്കു പോയി; ഗവൺമെൻറിൽ വന്നതെല്ലാം. നോട്ടിഫിക്കേഷന് അയച്ചിട്ടുണ്ട്. ഒന്നുരണ്ടെണ്ണം നോട്ടിഫിക്കേഷന് വരാനുണ്ട്. പലതും കമ്മിറ്റിയുടെ സ്റ്റേജിലും അഡ്വൈസറി കമ്മിറ്റിയുടെ സ്റ്റേജിലും ചിലത് പാനലുണ്ടാക്കേണ്ട സ്റ്റേജിലും കമ്മിറ്റി ഉണ്ടാക്കുന്ന സ്റ്റേജിലും ഇരിക്കുകയാണ്.

ശ്രീ. ഒ. ഭരതൻ: കശുവണ്ടി മേഖലയിൽ വ്യാപകമായ രീതിയിൽ നിശ്ചയിക്കപ്പെട്ട മിനിമം വേജസ്പോലും കിട്ടുന്നില്ല എന്ന് കഴിഞ്ഞ തവണ ചർച്ചയിൽ പറയുകയുണ്ടായി. ഏഷ്യാഡിനോടനുബന്ധിച്ച് നമ്മുടെ രാജ്യത്തിന്റെ തലസ്ഥാന നഗരിയിൽ ധാരാളം പഞ്ചനക്ഷത്ര ഹോട്ടലുകൾ നിർമ്മിച്ചു. ആ ഹോട്ടലുകളുടെ നിർമ്മാണവേളയിൽ കൺസ്ട്രക്ഷൻ തൊഴിലാളികൾക്ക് നിശ്ചയിക്കപ്പെട്ട മിനിമം വേജസ് കിട്ടുന്നില്ല എന്ന പരാതി സുപ്രീം കോടതിയുടെ മുൻപിൽ എത്തിയപ്പോൾ മിനിമം വേജസ് നടപ്പിലാക്കാത്ത മുതലാളിമാർ മാത്രമല്ല, ആ മിനിമം വേജസ് നടപ്പിലാക്കുന്നതിന് ഉത്തരവാദപ്പെട്ട ഗവൺമെൻറുതന്നെ ഭരണഘടനാപരമായിട്ടുള്ള ലംഘനമാണ് നടത്തുന്നതെന്ന് സുപ്രീം കോടതി വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. ഈ വിധിയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കശുവണ്ടി മുതലാളിമാർക്കെതിരെ നടപടി സ്വീകരിക്കുന്നതോടൊപ്പം അത് നടപ്പിലാക്കുന്നതിന് ബാദ്ധ്യസ്ഥനായിട്ടുള്ള തൊഴിൽവകുപ്പുമന്ത്രിയെത്തന്നെ കുറ്റവാളിയായിട്ട് പ്രഖ്യാപിക്കപ്പെടേണ്ടതല്ലേ?

ശ്രീ. കെ. ശിവദാസൻ: ഇത് വളരെ അടിസ്ഥാനപരമായി കാണേണ്ട ഒരു പ്രശ്നമാണ്. മിനിമം വേജസ് തന്നെ അസംഘടിത മേഖലയിലെ തൊഴിലാളികളെ രക്ഷിക്കാൻവേണ്ടി ഉണ്ടാക്കേണ്ട ഒരു നിയമ നിർമ്മാണമാണ്. എന്നാൽ കശുവണ്ടി മേഖല വളരെ സംഘടിതമായ ഒരു വ്യവസായ മേഖലയാണ്. അവിടെ മിനിമം വേജസ് ഉണ്ട്. അത് നടപ്പിലാക്കുന്നില്ലായെങ്കിൽ ഗവൺമെൻറുതന്നെ ഒരു പരിശോധന നടത്തി കേസെടുക്കാവുന്നതാണ്. കഴിഞ്ഞ വർഷവും ഈ വർഷവും ഇത് പരിശോധിക്കാനായിട്ട് സ്പെഷ്യൽ സ്കാഡിനെ നിയമിച്ചിട്ടുണ്ട്; എന്നാൽ ആ സ്കാഡിന് മുൻപിൽ പരാതി കൊടുക്കുവാനോ തെളിവു കൊടുക്കുവാനോ തൊഴിലാളികളോ യൂണിയനുകളോ മുന്നോട്ടു വരുന്നില്ല. അവരുടെ കുറ്റം കൊണ്ടല്ലായിരിക്കാം. വ്യവസായത്തിലുണ്ടായിരിക്കുന്ന ചില പ്രത്യേക പ്രതിസന്ധി കൊണ്ട് അങ്ങനെ സംഭവിക്കുന്നില്ല എന്നതാണ് കാരണം. പരിശോധിക്കുമ്പോൾ എല്ലാവർക്കും മിനിമം വേജസ്കൊടുത്തിരിക്കുന്നതായി മേഖ കാണുകയും തൊഴിലാളികളുടെ കയ്യൊപ്പ് കാണുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം നിയമത്തിനകത്തു നിന്നുകൊണ്ട് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും എല്ലാ വർഷവും ചെയ്യുന്നുണ്ട്. വ്യവസായ മേഖലയിൽ ഉണ്ടായ ചില പ്രത്യേക പ്രതിസന്ധിമൂലം ഇത് പൂർണ്ണമായി കിട്ടുന്നില്ല എന്ന പരാതി ഉണ്ടായിട്ടുണ്ട്. യൂണിയനുകളും തൊഴിലാളികളും ഗവൺമെൻറും എല്ലാംകൂടി ഒരുമിച്ച് പരിശ്രമിച്ചാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ, ഗവൺമെൻറിനെമാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കരിങ്കൽ തൊഴിലാളികൾക്ക് മിനിമം വേജസ് ഏർപ്പെടുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: കൺസ്ട്രക്ഷൻ തൊഴിലാളികളുടെ മിനിമം വേജസ് നോട്ടിഫൈ ചെയ്ത കൂട്ടത്തിൽ അവരിലും ചില വിഭാഗത്തിൻെറ മിനിമം വേജസ് നോട്ടിഫൈ ചെയ്തിട്ടുണ്ടെന്നാണ് എൻെറ ഓർമ്മ.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: മിനിമം വേജസ് നടപ്പിലാക്കാത്ത വ്യവസായ സ്ഥാപനങ്ങളിലെ ഉത്തരവാദപ്പെട്ടവരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, പല കോടതികളിലും ഗവൺമെൻറ് കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ: നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജോലി നൽകുന്ന പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി, കളളുചെത്ത് ഇവിടെയൊന്നും ഗവൺമെൻറ് പ്രഖ്യാപിച്ച മിനിമം വേജസ് തൊഴിലാളികൾക്ക് പൂർണ്ണമായി കൊടുക്കുന്നില്ല. തൊഴിലാളികൾക്ക് മിനിമം വേജസ് കിട്ടുമെന്ന് ഉറപ്പു വരുത്തണം. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കു വേണ്ടിയാണ് മിനിമം വേജസ് ഉണ്ടാക്കിയത്. അത് അവർക്ക് കിട്ടുമെന്ന് ഉറപ്പു വരുത്തുന്നതിന് ഗവൺമെൻറ് പ്രത്യേകമായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? ഇപ്പോൾ കശുവണ്ടി വ്യവസായത്തിൽ കൃത്രിമമായിട്ടുള്ള തൊഴിലില്ലായ്മ സൃഷ്ടിച്ച് സ്വകാര്യ ഫാക്ടറികളിൽ മിനിമം വേജസ് കിട്ടിയെന്നു പറഞ്ഞ് മിനിമം വേജസ് കൊടുക്കാതെതന്നെ തൊഴിലാളികളെക്കൊണ്ട് ഒപ്പിടുവിക്കും. ഒപ്പിടാൻ സമ്മതിച്ച് ല്ലെങ്കിൽ അവിടെ പണി കിട്ടുകയില്ല. ദീർഘകാലം പണിയില്ലാതിരിക്കുന്ന തൊഴിലാളികളെ പിടിച്ച് മിനിമം വേജസ് കിട്ടിയെന്നു പറഞ്ഞ് ഒപ്പിടുവിച്ച് പണിയെടുപ്പിക്കുന്ന സ്ഥിതി നമ്മുടെ സംസ്ഥാനത്തുണ്ട്. അത് തടയുന്നതിനും അവരുടെ ജോലി സുരക്ഷിതമാക്കുന്നതിനും എന്തു നടപടികൾ ഗവൺമെൻറ് സ്വീകരിച്ചു.

ശ്രീ. കെ. ശിവദാസൻ: യൂണിയനുകളുടെ പൂർണ്ണമായ സഹകരണവും തൊഴിലാളികളുടെ സഹകരണവും ഉണ്ടെങ്കിൽ മാത്രമേ ഇത് നടത്താൻ കഴിയുകയുള്ളൂ. ഗവൺമെൻറിൻെറ മാത്രം കുറ്റമല്ല. ഉദാഹരണത്തിന് കയർ മേഖലയെടുക്കാം. ഈ ഗവൺമെൻറ് നിലവിൽ വന്നപ്പോൾ, 1983-ൽ നേതാക്കന്മാർ വന്നു പറഞ്ഞു ഞങ്ങൾക്ക് 79-ലെ ഡി. എ.യെ കിട്ടുന്നുള്ളൂ എന്ന്. ഡി. എ. കുറയുന്നതുകാരണം എല്ലാ വ്യവസായ സ്ഥാപനങ്ങളിലും ഒരേ ഡി. എ. എന്ന പ്രിൻസിപ്പിൾ ഉണ്ടാക്കി.

LIBRARY ARCHIVES Kerala Legislative Assembly

1982-ൽ 82ലേതും 1983-ൽ 83 ലെ ഡി. എ.യും മാത്രമേ കൊടുക്കുകയുള്ളുവെന്ന് തീരുമാനിച്ചു. അതിന്റെ ഫലമായി കഴിഞ്ഞ കൊല്ലം ആലപ്പുഴയിൽ ഫാക്ടറി മേഖലയിൽ മിനിമം വേജസ് പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞു.

കശുവണ്ടി മേഖലയിലും അങ്ങനെയൊരു സമീപനം തയ്യാറാക്കണം. അത് എനിക്ക് നിയമപരമായി കൺസീലിയേറ്റ് ചെയ്യാൻ പറ്റുന്ന ഒരു വിഷയമല്ല പല സ്ഥലങ്ങളിലും പല കൂലി നിലവിലിരിക്കുന്നു എന്നതാണ് ഇപ്പോഴുള്ള ആക്ഷേപം. അതിനെപ്പറ്റി എനിക്ക് നിയമപരമായി പറയാൻ സാധിക്കുകയില്ല. ഒരു കൂലി എന്ന ആലപ്പുഴയിലെ സിസ്റ്റം ഫോളോ ചെയ്യാൻ എല്ലാവരോടും അഭ്യർത്ഥിച്ചിട്ടുണ്ട്. പലതുകൊണ്ടും പലരും അതിനു സമ്മതിച്ചില്ല. മിനിമം വേജസ് ഡി. എ.യിൽ ലയിപ്പിച്ച് ബാധകമാക്കണമെന്നാണ് ഗവൺമെന്റിന്റെ നിർദ്ദേശം. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടി കോൺഫറൻസ് വിളിച്ചുകൂട്ടി. അത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതാണ്. പ്രധാനപ്പെട്ട കാര്യം ഒരു ട്രേഡ് യൂണിയൻ ഇതിനെ എതിർത്തതുകൊണ്ട് ബാക്കിയുള്ളവരെല്ലാം അനുകൂലിച്ചുവെങ്കിലും അത് നടപ്പിലാക്കാൻ സാധിച്ചില്ല. എങ്ങനെയെങ്കിലും പ്രായോഗികമായ മാർഗ്ഗത്തിൽ വന്നാലേ അതിന് സാദ്ധ്യമാകുകയുള്ളു. കയറിനെ സംബന്ധിച്ചിടത്തോളം 21, 22 ശതമാനം സൊസൈറ്റി മേഖലയിലാണ്. നമ്മുടെ രാഷ്ട്രീയ പാർട്ടികളാണ് ഇത് നടത്തുന്നത്. അവരെയെല്ലാം കൊല്ലത്ത് വിളിച്ചുകൂട്ടിയിരുന്നു. മിനിമം വേജസ് നടപ്പിലാക്കണമെന്ന് അവരോട് അഭ്യർത്ഥിച്ചിട്ട് വിവിധ രാഷ്ട്രീയ പാർട്ടികളിൽപെട്ട അവർ മിനിമം വേജസ് നടപ്പിലാക്കാൻ സാദ്ധ്യമല്ല എന്ന ഒരു നിലപാട് സ്വീകരിച്ചിരിക്കുകയാണ്. അങ്ങനെയൊരു സാഹചര്യത്തിൽ എന്താണ് ചെയ്യുക. അതിന് പ്രായോഗികമായ വിഷമതകളുണ്ട്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: മിനിമം വേജസ് പുതുക്കാനുള്ള കാലാവധിയായാലും അതു പുതുക്കാതെ സാങ്കേതികപ്രശ്നങ്ങളുണ്ടെന്നു പറഞ്ഞു തടസ്സവാദങ്ങളും സൃഷ്ടിക്കുന്ന തൊഴിലുടമകളുണ്ടെന്നു പരാതിയുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് മിനിമം വേജസിന്റെ കാലാവധി അവസാനിച്ചതിനുശേഷം അതു പുതുക്കാൻ വൈകുകയാണെങ്കിൽ ആ കാലാവധി അവസാനിച്ചതുമുതൽ പിൽക്കാല പ്രാബല്യം കൊടുക്കുന്നതിന് വേണ്ട സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. കെ. ശിവദാസൻ: മിനിമം വേജസിന്റെ അടിസ്ഥാനതത്വമനുസരിച്ച് പിൽക്കാലപ്രാബല്യം കൊടുക്കുന്നത് നിയമപ്രകാരം ബുദ്ധിമുട്ടായിരിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സംസ്ഥാനത്തെ കോഫി ക്യൂവറിംഗ് ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഇതുവരെ മിനിമം വേജസ് പ്രഖ്യാപിച്ചിട്ടില്ല. അവർക്കുകൂടി മിനിമം വേജസ് ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: മിനിമം വേജസ് പരിധിക്കുള്ളിൽ വരുന്നതിന് പല നിയമപരമായ കാര്യങ്ങളും അതിനകത്തുണ്ട്. എങ്കിലും അങ്ങനെ ഒരു റെപ്രസന്റേഷൻ വന്നാൽ അത് പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഈ ഗവൺമെൻറ് ചില തീരുമാനങ്ങളെടുത്താൽ അതു കർശനമായി നടപ്പിലാക്കാൻ എന്തു നടപടിയും സ്വീകരിക്കും. പ്രീഡിഗ്രിബോർഡ് തീരുമാനത്തിൽനിന്ന് നമുക്കെല്ലാപേർക്കും അത് അറിയാം. മിനിമം വേജസ് കൊടുക്കണമെന്നാണ് ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ളതെന്നു തൊഴിൽവകുപ്പുമന്ത്രി പറഞ്ഞു. കശുവണ്ടി വ്യവസായത്തിൽ സ്വകാര്യമുതലാളിമാർ ഈ വ്യവസ്ഥ നിഷേധിക്കുന്നു. ഈ സാഹചര്യത്തിൽ മിനിമം വേജസ് കൊടുക്കണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുള്ളതെങ്കിൽ അതു നടപ്പിലാക്കാൻ കർശനമായ നടപടികളെടുക്കാൻ തയ്യാറാകുമോയെന്ന് ഗവൺമെൻറ് തലവനായ മുഖ്യമന്ത്രി ഉത്തരം പറയണം.

ശ്രീ. കെ. ശിവദാസൻ: വളരെ കർശനമായ, നിയമത്തിന് സാദ്ധ്യമായ എല്ലാ നടപടികളും ഗവൺമെൻറ് എടുക്കുന്നുണ്ട്. ഇതിനുവേണ്ടി കൊല്ലത്ത് ഒരു സ്കാഡ് പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഏതെങ്കിലും ഒരു കമ്പനിയിൽ മിനിമം വേജസ് കൊടുക്കുന്നില്ലെന്നു പരാതിപ്പെട്ടാൽ 12 മണിക്കൂറിനകം അവർ അവിടെപ്പോയി പരിശോധിക്കും. മെമ്പർ കൂടി പോകട്ടെ. അങ്ങനെ അവർ പോയി പരിശോധിക്കുന്നില്ലെങ്കിൽ ഗവൺമെൻറ് കുറ്റം സമ്മതിക്കാം.

ശ്രീ. കെ. മൂസ്സക്കുട്ടി: കർഷകത്തൊഴിലാളികളുടെ മിനിമം വേജസ് അവസാനമായി എന്നാണ് പുതുക്കിനിശ്ചയിച്ചിട്ടുള്ളത്; അതിൻറെ സമയം കഴിഞ്ഞിട്ടുണ്ടെങ്കിൽ പുതുക്കിനിശ്ചയിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: കർഷകത്തൊഴിലാളികളുടെ മിനിമം കൂലി പുതുക്കിനിശ്ചയിച്ചിട്ട് 2 വർഷത്തിനകമേ ആകുകയുള്ളു. വീണ്ടും പുതുക്കിനിശ്ചയിക്കാനുള്ള സമയമായിട്ടില്ല.

ശ്രീ. സി. കെ. തങ്കപ്പൻ: തൊഴിലാളികളും തൊഴിലാളിപ്രവർത്തകരും മിനിമംവേജസിൻറെ കാര്യത്തിൽ ഗവൺമെൻറുമായി സഹകരിക്കുന്നില്ലെന്നു മന്ത്രി ഇവിടെ പറഞ്ഞു. ഞാൻ ഒരു തൊഴിലാളിയും തൊഴിലാളിപ്രവർത്തകനുമാണ്. കൊല്ലം ജില്ലയിൽ ഇന്ന ഫാക്ടറികളിൽ മിനിമം വേജസും ഡി. എ. യും കൊടുക്കുന്നില്ലെന്നു ഞാൻ നേരിട്ട് മന്ത്രിയോട് പരാതിപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ട് മിനിമം വേജസും ഡി. എ.യും കൊടുക്കാതെ പണിയെടുപ്പിക്കുന്ന തൊഴിലുടമകൾക്കെതിരെ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: യൂണിയനുകളും സഹകരിക്കുന്നില്ലായെന്നൊന്നും ഞാൻ പറഞ്ഞതിനർത്ഥമില്ല. ബഹുമാനപ്പെട്ട മെമ്പർ എന്നോട് നേരിട്ട് പറഞ്ഞോയെന്ന് ഞാൻ ഓർക്കുന്നില്ല. നേരിട്ട് എന്നോട് പറഞ്ഞോയെന്നുള്ളതല്ല പ്രശ്നം. ഇത് പരിശോധിക്കുന്നതിന് പ്രത്യേക സ്കാഡുണ്ട്. മെമ്പറോ മെമ്പർ നിർദ്ദേശിക്കുന്ന യൂണിയനുകളോ ആ സ്കാഡിനോടുചെന്ന് ഇന്ന ഫാക്ടറിയിൽ കൊടുക്കുന്നില്ലായെന്നു പരാതിപ്പെട്ടാൽ 12 മണിക്കൂറിനകം അവർ ആ ഫാക്ടറിയിൽപ്പോയി അന്വേഷണം നടത്തും. ഞാൻ അതിൻറെ സ്റ്റാറ്റസ്റ്റിറി അതോറിറ്റിയല്ല. ഗവൺമെൻറിനു ചെയ്യാവുന്നതിൻറെ മാക്സിമമാണ് പരാതികൾ പരിശോധിക്കുന്നതിന് ഇത്തരം സ്കാഡുകളെ നിയമിക്കുകയെന്നുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: അൺഎയ്ഡഡ് സ്കൂളുകളിലേയും പാരലൽ കോളേജിലെയും ജീവനക്കാരെക്കൂടി മിനിമം വേജസിന്റെ പരിധിയിൽ കൊണ്ടുവരാൻവേണ്ട നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: അവർ മിനിമം വേജസ് ആക്ടിന്റെ പരിധിക്കുള്ളിൽ വരുമോയെന്നുള്ള കാര്യം സംശയമാണ്. അത് പരിശോധിച്ച് നിയമപരിധിക്കുള്ളിൽ വരുമെന്നുണ്ടെങ്കിൽ വേണ്ട നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ററി. കുമാരൻ: ശ്രീ. മൂസ്സക്കുട്ടിയുടെ ചോദ്യത്തിന് കർഷകത്തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കിനിശ്ചയിക്കാൻ സമയമായില്ലെന്നു പറഞ്ഞു. എന്നാണ് മിനിമം വേജസ് പുതുക്കി നിശ്ചയിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: ഡേറ്റ് ഇപ്പോൾ എന്റെ കൈവശമില്ല, നിശ്ചയമായിട്ടും 2 വർഷത്തിനുള്ളിലാണെന്നാണ് എന്റെ ഓർമ്മ.

ശ്രീമതി ഭാർഗ്ഗവിതങ്കപ്പൻ: കശുവണ്ടി മേഖലയിൽ മിനിമം വേജസ് കൊടുക്കുന്നുണ്ടോയെന്ന് അന്വേഷിക്കുന്നതിന് ഒരു സ്പെഷ്യൽ സ്കാഡിനെ നിയമിച്ചിട്ടുണ്ടെന്നു പറഞ്ഞു. സ്പെഷ്യൽ സ്കാഡിന്റെ പരിശോധനയിൽ മിനിമംകൂലി കൊടുത്തുവെന്ന് രേഖയുണ്ടാക്കുകയും വാസ്തവത്തിൽ കൊടുക്കാതിരിക്കുകയും ചെയ്യുന്നുണ്ട് എന്ന് മന്ത്രി പറഞ്ഞു. മിനിമം കൂലി നിഷേധിച്ചിട്ടുള്ള മുതലാളിമാരുടെ പേരിൽ നടപടിയെടുക്കാൻ യൂണിയൻകാർ താൽപ്പര്യമെടുക്കണമെന്ന് മന്ത്രി പറഞ്ഞു. അങ്ങനെ മുതലാളിമാർ മിനിമം കൂലി നിഷേധിച്ചിട്ടുണ്ടെന്നു സ്പെഷ്യൽ സ്കാഡിന്റെ പരിശോധനയിൽ തെളിഞ്ഞിട്ടുണ്ടെങ്കിൽ എത്ര മുതലാളിമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: എന്റെ ഓർമ്മ ശരിയാണെങ്കിൽ അമ്പതിനും അമ്പത്തിയാറിനും ഇടയ്ക്കുള്ള മുതലാളിമാരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നിവയ്ക്ക് കേന്ദ്രഗവൺമെന്റ് അനുവദിച്ച തുക

*83 [85] ശ്രീ. പി. വിജയദാസ്:

,, എം. കെ. കേശവൻ:

ശ്രീമതി റേച്ചൽ സണ്ണി പനവേലി:

ശ്രീ. ജി. കാർത്തികേയൻ:

,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ ഓരോ ഇനങ്ങൾക്കും കേന്ദ്രഗവൺമെന്റ് 1984-85, 1985-86 എന്നീ വർഷങ്ങളിൽ അനുവദിച്ച തുകയെത്ര വീതം;

LIBRARY ARCHIVES Kerala Legislative Assembly